**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2237** **14-10-2024 - ൽ മറുപടിയ്ക്ക്**

**ആധാർ സീഡിംഗ് പൂർത്തിയാക്കിയ ആദ്യ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ആധാർ സീഡിംഗ് എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത് എന്താണെന്നും ആധാർ സീഡിംഗ് നടപ്പിൽ വരുത്തുന്നതിനുവേണ്ടി സർക്കാർ പൂർത്തിയാക്കിയിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (എ) | റേഷൻ ഗുണഭോക്താക്കളുടെ ആധാർ നമ്പർ, അവരവരുടെ റേഷൻ കാർഡുമായി ലിങ്ക് ചെയ്യുന്ന പ്രക്രിയയാണ് ആധാർ സീഡിംഗ്. റേഷൻ കാർഡുമായി ആധാർ ലിങ്ക് ചെയ്യാതിരുന്നവർക്കായി താലൂക്ക് സപ്ലൈ ഓഫീസുകളിലൂടെ നേരിട്ടും അംഗീകൃത അക്ഷയ കേന്ദ്രങ്ങളിലൂടെയും സിറ്റിസൺ ലോഗിൻ പോർട്ടലിലൂടെ ഓൺലൈനായും റേഷൻ കടകളിലുള്ള ഇ-പോസ് മെഷീനുകളിലൂടെയും ആധാർ ലിങ്ക് ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിരുന്നു. തുടർന്ന് 2022 സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്ത് ആധാർ സീഡിംഗ് പൂർത്തിയാക്കി. |
| (ബി) | ആധാർ സീഡിംഗ് പൂർത്തിയാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനമാകാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | NFSA, Non-NFSA വിഭാഗങ്ങളിലുള്ള എല്ലാ റേഷൻകാർഡുകളിലെയും അംഗങ്ങളുടെ ആധാർ സീഡ് ചെയ്തിട്ടുള്ള സംസ്ഥാനങ്ങളിൽ, മുൻപന്തിയിലെത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) | മുഴുവൻ അംഗങ്ങളും റേഷൻകാർഡ് ആധാർകാർഡുമായി ബന്ധിപ്പിച്ച ആദ്യ ജില്ല എന്ന നിലയിൽ മലപ്പുറം ജില്ല ഒന്നാം സ്ഥാനത്തിന് അർഹമായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | മലപ്പുറം ജില്ലയിലെ താലൂക്ക് സപ്ലൈ ഓഫീസുകളാണ് 2022-ൽ ആധാർ സീഡിംഗ് പ്രക്രിയ നടക്കുന്ന സമയത്ത് NFSA, Non-NFSA വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് അംഗങ്ങളുടെ ആധാർ സീഡിംഗ് ആദ്യം പൂർത്തിയാക്കിയത് . |

സെക്ഷൻ ഓഫീസർ